എല്ലാവരെയും ഒന്നു നോക്കിയിട്ടു ബാപ്പുട്ടി തങ്ങൾ പുറത്തേക്കു നടന്നു. ഉദയനും ചന്ദ്രപ്രഭയും പൂമുഖം വരെ ചെന്നു.

മുറ്റത്തു കിടന്ന കാറിൽ കയറി ബാപ്പുട്ടി തങ്ങൾ പോയി.

''ആ മനുഷ്യൻ ആരാ?''

ചന്ദ്രപ്രഭ ചോദിച്ചു.

''അഞ്ജലിയുടെ കൂട്ടുകാരി സുഹറയുടെ ബാപ്പയാ...''

''എന്നാലും അവൾ കുഞ്ഞുമായി കോഴിക്കോട്ടു വന്ന കാര്യം നമ്മൾ അറിയാതെ പോയല്ലോ! കടപ്പുറത്ത് ഒരു വീട്ടിൽ കൈക്കുഞ്ഞുമായി....''

സുനന്ദ വാതിൽക്കൽ വന്നു നിന്നു.

''അറിഞ്ഞിരുന്നെങ്കിൽ അവളെ ഞാൻ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വന്നേനെ... അല്ലെങ്കിൽ ഞാനും അവളുടെ കൂടെ പോയി താമസിച്ചേനെ...''

ചന്ദ്രപ്രഭ കണ്ണുകൾ തുടച്ച് അകത്തേക്കു പോകാൻ തുടങ്ങിയപ്പോൾ സുനന്ദയെ കണ്ടു. ഒന്നും പറയാതെ അവർ അവളെ കടന്നു പോയി. കസേരയിൽ ഉദയൻ ഇരുന്നു.

ലാലിച്ചന്റൊപ്പം അവൾ ഉണ്ടെന്ന തന്റെ കരുതൽ തെറ്റി.

കുഞ്ഞുമായി തനിച്ചു ജീവിക്കാൻ തയാറായി അവൾ വന്നു. പിടിച്ചുനിൽക്കാതെ വന്നപ്പോഴാണ് അവൾക്കു വീണ്ടും അയാൾക്കൊപ്പം പോകേണ്ടി വന്നത്.

ലാലിച്ചനും അവളും തമ്മിൽ ഒരു ബന്ധം ഉണ്ടാവുമെന്നും തോന്നുന്നില്ല. അതു മനസ്സിലാക്കി തന്നെയാണു ബാപ്പുട്ടി തങ്ങൾ വന്നത്.

അയാളുടെ കണ്ണിൽ നീർ പൊടിഞ്ഞു.

◆◆◆◆◆

അഞ്ജലി കിച്ചനിൽ അത്താഴമുണ്ടാക്കുന്ന ജോലിയിലായിരുന്നു. സന്ധ്യയോടെയാണ് ഗ്രെയ്സ് വില്ലയിൽ എത്തിയത്.

ലാലിച്ചൻ അപ്പോൾത്തന്നെ മുകളിലേക്കു കയറി പോയതാണ്. മുറിയിൽനിന്നു കുഞ്ഞിന്റെ കരച്ചിൽ കേൾക്കാൻ തുടങ്ങി. അവൾ ഉണർന്നിരിക്കുന്നു.

കൈയിലെ മാവ് തുടച്ചിട്ട് അവൾ കിച്ചനിൽ നിന്നു റൂമിലേക്ക് ഓടി. വാതിൽക്കൽ എത്തിയപ്പോൾബെഡ്ഡിൽനിന്നുകുഞ്ഞിനെ എടുക്കുന്ന ലാലിച്ചനെ കണ്ടു. ആദ്യമായാണ് അയാൾ കുഞ്ഞിനെ എടുക്കുന്നത്.

അയാൾ കുഞ്ഞിന്റെ നെറ്റിയിൽ മുകർന്നു. പിന്നെ ചുമലിലേക്കു ചായ്ച്ചു കിടത്തി.

പുഞ്ചിരിയോടെ അഞ്ജലി കിച്ചനിലേക്കു പോയി. ലാലിച്ചൻ കുഞ്ഞിനെ തോളിലിട്ടു ഹാളിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അനങ്ങാതെ കുഞ്ഞ് അയാളുടെ ചുമലിൽ കിടന്നു.

''ലാലിച്ചായാ....!'' പിന്നിൽ അഞ്ജലിയുടെ സ്വരം കേട്ട് അയാൾ തിരിഞ്ഞു.

ചുണ്ടിൽ ചെറുചിരിയോടെ അഞ്ജലി നിൽപുണ്ട്.

''ഭക്ഷണം എടുത്തു വച്ചിട്ടുണ്ട്. മോളെ ഞാൻ കൊണ്ടു കിടത്താം....''

അവൾ അയാളുടെ ചുമലിൽനിന്നു കുഞ്ഞിനെ എടുക്കുമ്പോൾ മദ്യത്തിന്റെയും ചുരുട്ടിന്റെയും ഗന്ധം അറിഞ്ഞു.

ലാലിച്ചൻ ഡൈനിങ് ടേബിളിലെ കസേരയ്ക്കു മുൻപിൽ ചെന്നിരുന്നു.

പ്ലേറ്റിൽ രണ്ടു ചപ്പാത്തി, വെജിറ്റബിൾ കുറുമ. പിന്നെ മറ്റൊരു പ്ലേറ്റിൽ പൈനാപ്പിൾ വട്ടത്തിൽ അരിഞ്ഞത്.

തനിക്കു പ്രിയപ്പെട്ട വെജിറ്റബിൾസ് മറ്റൊരു പ്ലേറ്റിൽ... ലാലിച്ചന് അദ്ഭുതം തോന്നി.

തന്റെ ഭക്ഷണ രീതികൾ സെലിൻ അവൾക്കു പറഞ്ഞു കൊടുത്തതായിരിക്കും. അല്ലെങ്കിൽ ഒരിക്കലും ഇങ്ങനെ സംഭവിക്കില്ല.

അയാൾ ഭക്ഷണം കഴിച്ചു തുടങ്ങിയപ്പോൾ അഞ്ജലി വന്നു. ഒരു ഗ്ലാസിൽ വെള്ളം പകർന്നു വച്ചിട്ട് അവൾ മാറി നിന്നു.

''ഞാനും മോളും എവിടേക്കാ പോകേണ്ടത്? ഊട്ടിയിലേക്കോ ബാംഗ്ലൂരിലേക്കോ... എവിടെയാണെങ്കിലും എനിക്കു സ മ്മതമാ...''

''എവിടെ വേണമെന്നു നിനക്കു നിശ്ചയിക്കാം.''

''ഞാനെന്തിനും തയാറായല്ലേ വന്നത്. ലാലിച്ചായനു തീരുമാനിക്കാം.'' അയാൾ മിണ്ടിയില്ല. ആ വിളി അയാൾ ശ്രദ്ധിച്ചു.

''ലാലിച്ചായൻ എന്നാ തിരിച്ചു പോകുന്നത്?''

അയാൾ അവളെ നോക്കി.

''കുഞ്ഞിന്റെ കൂടെ അച്ചരനും അമ്മയും വേണമെന്നു നീയല്ലേ പറഞ്ഞത്... ഇപ്പോ ആ നിലപാടു മാറ്റിയെങ്കിൽ എനിക്കു പോകാമല്ലോ...''

''ലാലിച്ചായൻ മോളെ വിട്ടു പോകരുതെന്ന അപേക്ഷയേ എനിക്കുള്ളൂ. ഞാനിവിടെയുള്ളതു ലാലിച്ചായൻ കാര്യമാക്കേണ്ട. കുഞ്ഞിനെ വിട്ടുതന്നെങ്കിലും ഒരു ആയ വേണ്ടതല്ലേ. അച്ചരനും മോളും അകന്നു പോകരുത്...''

അവൾക്കു കരച്ചിൽ വന്നു.

''എനിക്കിപ്പോ ഒരു നിലപാടുമില്ല. ഞാൻ ആ സത്യം തിരിച്ചറിയുന്നുണ്ട്... ഈ ലോകത്ത് എനിക്ക് എന്റെ കുഞ്ഞിന്റെ അച്ചരനല്ലാതെ ആരുമില്ലെന്ന്....!''

വിതുമ്പി കരഞ്ഞുകൊണ്ട് അഞ്ജലി കിച്ചനിലേക്ക് ഓടിപ്പോയി.

പ്രതിമ പോലെ ലാലിച്ചൻ ഇരുന്നു.

(തുടരും)

നോവൽ വായിച്ചത്-പ്രിനു പ്രഭാകർ.

കഥ ഇതുവരെ-സുദർശനൻ കുടപ്പനമൂട്

---

## ഒന്നിച്ചു നിൽക്കണം

### മഞ്ജു വാരിയർ



ആവർത്തിച്ചു പറഞ്ഞിട്ടും പലരും പുറത്തിറങ്ങുന്ന സാഹചര്യമുണ്ടായി. വെറുതെ പുറത്തു പോകുന്നവർ കാരണം തകർന്നു പോകുന്നത് ഒരു പാടുപേരാണ്, അവരുടെ അധ്വാനമാണ്. സഹായത്തിന് സർക്കാർ മുന്നിലുണ്ടെന്നു പറയുമ്പോൾ അത് നമ്മൾ വിശ്വസിക്കണം. നിർണായകഘട്ടമാണ്. ഇവിടെ തോറ്റുപോയാൽ കാത്തിരിക്കുന്നത് വൻദുരന്തമാണ്. നാടു മുഴുവൻ ഒന്നിച്ചു നിൽക്കേണ്ടത് അത്യാവശ്യമാണെന്ന് ഓർക്കുക.

---

എഴുത്തുൽസവം

**കഥ** **കാരൂർ സോമൻ**



# കാന്താരിപെണ്ണ്

സൽസ്വഭാവിയായ ഭാര്യ കനകം കൊടുത്തുവിട്ട പൊതിച്ചോറ് കഴിച്ചപ്പോഴാണ് അധ്യാപകൻ കിരൺ ബാബുവിന് കാന്താരി മുളകിന്റെ എരിവ് നാവിൽ അനുഭവപ്പെട്ടത്. അടുത്തടുത്ത് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന അധ്യാപകർ, കിരണിന്റെ നാവുപൊള്ളി വായ് പിളർക്കുന്നതും കണ്ണുകൾ തിളങ്ങുന്നതും കണ്ടിരുന്നു. ''കാന്താരി കടിച്ചതാ...'' അയാൾ വല്ലായ്മയോടെ പറഞ്ഞു. കൊച്ചുകാന്താരിവിഷമേറിയചെറിയഅണലിപോലെയാണ്.ചോറിനൊപ്പം അവിയലിൽ കിടന്നത് കാണാൻ സാധിച്ചില്ല. കിരൺഭക്ഷണംമതിയാക്കിവായ്കഴുകാൻഇറങ്ങിയേ ാ ടി. വായ് പലവട്ടം കഴുകി. കാർക്കിച്ചു തുപ്പി. ഒരു ദീർഘനിശ്വാസത്തോടെ കനകത്തെ ഓർത്തു. അവൾ ആഗ്രഹിച്ച കാര്യം നടത്തിക്കൊടുത്തില്ലെങ്കിൽ അവളുടെ പ്രതികാരം ഇങ്ങനെയൊക്കെയാണ്. മധുരമില്ലാത്ത ചായ തരും. ഉപ്പില്ലാത്ത കറി തരും. ഒടുവിൽ ഒരു ക്ഷമാപണം. കഴിഞ്ഞ ദിവസം തുണിക്കടയിൽ പോയപ്പോൾ ഇഷ്ടപ്പെട്ട വിലകൂടിയ ഒരു സാരി താൻ നി ര സി ച്ചു. ആ പക അവൾ തീർത്തത് ഈ കൊച്ചു കാന്താരിയിലൂടെയാണ്.





**കൊറോണ മാത്രമല്ല, വയറിളക്ക രോഗങ്ങൾ, വിരകൾ തുടങ്ങിയവയെല്ലാം പകരാതിരിക്കാനുള്ള വഴിയാണ് കൈകഴുകൽ.**